# കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ

# ICAR-KRISHI VIGYAN KENDRA - ALAPPUZHA

**ICAR-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (പ്രാദേശിക കേന്ദ്രം), കായംകുളം**
**കൃഷ്ണപുരം – 690 533, കേരളം**

October - December 2019
ഒക്ടോബർ – ഡിസംബർ 2019

Vol. 17 Issue - 04
വാല്യം 17 ലക്കം -04

# വാർത്താപത്രിക

# Newsletter

QR CODE


## ലോക മണ്ണ്ദിനം ആചരിച്ചു





വരും തലമുറയ്ക്കായി മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനായി മണ്ണൊലിപ്പ് തടയുക, മണ്ണ് സംരക്ഷിക്കുക എന്നീ ആശയങ്ങൾ പങ്കുവെച്ച് കൊണ്ട് ഡിസംബർ 5 ന് ലോക മണ്ണ് ദിനം ആചരിച്ചു. മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ആഡിറ്റോറിയത്തിൽ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രഘുപ്രസാദ് ഉദ്ഘാടനം ചെയ്തു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സി.ആർ. രശ്മി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ വാർത്താ പത്രിക പ്രകാശനം ചെയ്തു. തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകളിലെ അൻപത് കർഷകർക്ക് മണ്ണ് പരിശോധനാടിസ്ഥാനത്തിൽ വിവിധ വിളകൾക്കുള്ള വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണിന്റെ ആരോഗ്യ കാർഡ് മുഖ്യാതിഥി വിതരണം ചെയ്തു.

തുടർന്ന് വെള്ളായണി കാർഷിക കോളേജിലെ അവസാന വർഷ കാർഷിക ബിരുദ വിദ്യാർത്ഥികൾ ഗ്രാമീണ കാർഷിക പ്രായോഗിക പരിശീലന പരിപാടിയുടെ ഭാഗമായി വരും തലമുറയ്ക്കായി മണ്ണ് സംരക്ഷിക്കാം എന്ന വിഷയത്തിൽ പരിശീലനം നൽകി. കർഷകർ, മാവേലിക്കര ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കാർഷിക-കാർഷികേതര വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ ഏകദേശം നൂറ്റിയിരുപത്തഞ്ച് പേർ പരിപാടിയിൽ പങ്കെടുത്തു.

## മൃഗസംരക്ഷണ ക്യാമ്പ് നടത്തി

നവംബർ 19, ഡിസംബർ 19 എന്നീ തീയതികളിൽ ചക്കുളത്തുകാവ്, തലവടി, മുട്ടാർ എന്നിവിടങ്ങളിൽ മൃഗസംരക്ഷണ ക്യാമ്പ് സംഘടിപ്പിച്ചു. പശുക്കളുടെ അകിടുവീക്കം പ്രതിരോധിക്കുന്നതിനായി ബോധവൽക്കരണം നടത്തുകയും അകിടുവീക്കം തുടക്കത്തിൽ തന്നെ കണ്ടെത്തുന്നതിനാവശ്യമായ CMT കിറ്റും എൺപത് കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു.




**കെ. വി. കെ. യുമായി ബന്ധപ്പെടാൻ...**

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ, സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ/ഫാക്സ് : 0479 2449268,0479 2959268, 9447790268
Email: kvkalapuzha@gmail.com | www.kvkalappuzha.org

## രണ്ടാം കുട്ടനാട് പാക്കേജിന് സാങ്കേതിക വിദ്യാ ശുപാർശകൾ

ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം 2011 മുതൽ കുട്ടനാട്ടിലെ മുട്ടാർ, തലവടി പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയിലൂടെ വിജയകരമായി കർഷകർക്ക് പരിചയപ്പെടുത്തിയ സാങ്കേതിക വിദ്യകളായ **വിഭവ സംരക്ഷിതവും പ്രകൃതി സൗഹൃദവുമായ നെൽകൃഷി, പോളകൾ ഇ.എം. ലായനി ഉപയോഗിച്ച് ജൈവവളമാക്കാം, ജൈവിക പുനഃചംക്രമണത്തിന് ബയോഗ്യാസ് ഉത്പാദന യൂണിറ്റ്, വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന ഉയരമുള്ള കോഴിക്കൂടും ഉയർന്ന തട്ടുകളുള്ള ആട്ടിൻ കൂടും, മാതൃകാ ഡയറി യൂണിറ്റ്, കൂൺ കൃഷി** എന്നിവ കുട്ടനാട് മുഴുവനും വ്യാപിപ്പിക്കുവാനായി 2019 മാർച്ചിൽ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ നടന്ന 'കുട്ടനാടിനനുയോജ്യമായ കാർഷിക രീതികൾ' എന്ന ശില്പശാലയിൽ അവതരിപ്പിക്കുകയും രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുകയും ചെയ്തു.



## 150-ാം ഗാന്ധിജയന്തി ദിനത്തിൽ പൊതുസ്ഥലങ്ങളിൽ ശുചീകരണം നടത്തി




കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനവും കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി 150-ാം ഗാന്ധി ജയന്തി ദിനം ആചരിച്ചു. കായംകുളം മുനിസിപ്പാലിറ്റി പാലസ് വാർഡ് കൗൺസിലർ ശ്രീ. കെ.കെ. അനിൽകുമാർ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. ഇതിനോടനുബന്ധിച്ച് 'സ്വച്ഛത ഹി സേവ' എന്ന ആശയം പ്രചരിപ്പിക്കുന്നതിനും പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം തടയുന്നതിനുമുള്ള ബോധവൽക്കരണ പ്ലക്കാർഡുകൾ വഹിച്ചുകൊണ്ട് ജീവനക്കാർ സി.പി.സി.ആർ.ഐ പ്രാദേശിക കേന്ദ്രത്തിൽ നിന്നും സാന്ത്വനം പാലിയേറ്റീവ് കെയർ വരെ കാൽനടയായി സഞ്ചരിക്കുകയും വഴിയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് അവ നിർമ്മാർജ്ജനം ചെയ്യുന്നതിനായി കായംകുളം മുനിസിപ്പാലിറ്റി അധികൃതരെ ഏൽപ്പിക്കുകയും ചെയ്തു.

'സ്വച്ഛത ഹി സേവാ' പരിപാടിയുടെ ഭാഗമായി ഡിസംബർ 16 മുതൽ 31 വരെ വിവിധ തരത്തിലുള്ള ശുചിത്വ പരിപാടികൾ സംഘടിപ്പിച്ചു. ഡിസംബർ 16ന് ശുചിത്വ പ്രതിജ്ഞ ചൊല്ലികൊണ്ടാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. ഈ കാലയളവിൽ ശുചിത്വത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. സമീപ പ്രദേശങ്ങളിലെ സ്കൂളും പരിസരവും വൃത്തിയാക്കി ജൈവ മാലിന്യങ്ങൾ സംസ്ക്കരിച്ച് വളമാക്കുന്ന സാങ്കേതിക വിദ്യകളും ഇതോടൊപ്പം പ്രചരിപ്പിച്ചു.

## നാളികേര വികസന ബോർഡ് ചെയർപേഴ്സൺ കെ.വി.കെ സന്ദർശിച്ചു



നാളികേര വികസന ബോർഡ് ചെയർപേഴ്സൺ ശ്രീമതി. ജി. ജയലക്ഷ്മി IAS ഡിസംബർ 27ന് കെ.വി.കെയുടെ വിവിധ പ്രദർശന യൂണിറ്റുകൾ സന്ദർശിച്ചു.

## തലവടിയിൽ ചെറുകിട മുട്ട വിരിയിക്കൽ യന്ത്രം സ്ഥാപിച്ചു



കെ.വി.കെയുടെ സംരംഭകത്വ വികസന പരിപാടിയുടെ ഭാഗമായി ഒരേസമയം 120 മുട്ടകൾ വരെ വിരിയിപ്പിക്കാവുന്ന പോർട്ടബിൾ ഇൻകുബേറ്റർ തലവടി പഞ്ചായത്തിലെ അഞ്ച് അംഗങ്ങളുള്ള ഒരു വനിതാ ഗ്രൂപ്പിന് നൽകി മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ഉത്പാദന യൂണിറ്റിന് ഡിസംബർ 19ന് തുടക്കം കുറിച്ചു.

## കാർഷിക ബിരുദ വിദ്യാർത്ഥികൾക്ക് കെ.വി.കെയിൽ ഗ്രാമീണ പ്രായോഗിക പരിശീലനം



കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ 21 അവസാന വർഷ വിദ്യാർത്ഥികൾക്ക് കാർഷിക ബിരുദ പഠനത്തിന്റെ ഭാഗമായുള്ള ഗ്രാമീണ കാർഷിക പ്രായോഗിക പരിശീലനം (RAWE) 2019 ഡിസംബർ 4 മുതൽ 7 വരെ കെ.വി.കെയിൽ സംഘടിപ്പിച്ചു. കെ.വി.കെയുടെ വിവിധ കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ, പദ്ധതികൾ, കുട്ടനാട്ടിൽ നടപ്പിലാക്കുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി എന്നിവ കണ്ട് മനസ്സിലാക്കുവാനും കാർഷിക മേഖലയിലെ പ്രശ്നങ്ങൾ അടുത്തറിയുവാനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി. കർഷകരുടെ പ്രശ്നങ്ങൾ വിദഗ്ധരുമായി നേരിട്ട് ചർച്ച ചെയ്യുന്നതിനായി മാവേലിക്കരയിൽ സംഘടിപ്പിച്ച 'വരും തലമുറയ്ക്കായി മണ്ണ് സംരക്ഷിക്കാം' എന്ന പരിപാടിയിലും വിദ്യാർത്ഥികൾ സജീവ പങ്കാളികളായിരുന്നു.


## പുരസ്കാരം



2019 ഡിസംബർ 14 മുതൽ 18 വരെ ജെ.എസ്സ്.എസ്സ് മൈസൂരിൽ നടന്ന 'കാർഷിക ഗവേഷണവും വികസനവും ശക്തിപ്പെടുത്താൻ വിജ്ഞാന വ്യാപനം' എന്ന അന്താരാഷ്ട്ര സെമിനാറിൽ ഡോ. ടി. ശിവകുമാറിന് 'QR കോഡിലൂടെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കാം' എന്ന പ്രബന്ധത്തിന് മികച്ച പ്രബന്ധാവതരണത്തിനുള്ള പുരസ്കാരം ലഭിച്ചു.

## ടെലിവിഷൻ പരിപാടികൾ/സെമിനാർ

മനോരമ ന്യൂസ് ചാനലിൽ 2019 ഡിസംബർ 04ന് "മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യവും പ്രസക്തിയും" എന്ന വിഷയത്തിൽ നടന്ന തൽസമയ ഫോൺ ഇൻ പരിപാടിയിൽ കെ.വി.കെ മേധാവി ഡോ. പി. മുരളീധരൻ പങ്കെടുത്തു.



2019 ഡിസംബർ 9ന് ആത്മ ആലപ്പുഴയിൽ സംഘടിപ്പിച്ച 'കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിന്റെയും മൂല്യവർദ്ധനത്തിന്റെയും സാധ്യതകൾ' എന്ന ജില്ലാതല പ്രീ വൈഗ സെമിനാറിൽ ഡോ. പി. മുരളീധരനും, ശ്രീമതി. ജിസ്സി ജോർജ്ജും പങ്കെടുത്ത് വിഷയങ്ങൾ അവതരിപ്പിച്ചു.

## പരിശീലനം

ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ കൃഷി വിജ്ഞാന കേന്ദ്രത്തിലും ജില്ലയിലെ വിവിധ പ്രദേശങ്ങളിലുമായി വ്യത്യസ്ത വിഷയങ്ങളിൽ മുപ്പത്തിമൂന്ന് പരിശീലനങ്ങൾ നടത്തി. ഇതിൽ കർഷകരും യുവതി യുവാക്കളുമായി 999 പേർ പങ്കെടുത്തു.

## ചെലവു കുറഞ്ഞ ഹൈഡ്രോപോണിക് യൂണിറ്റ്

കൃഷി വിജ്ഞാന കേന്ദ്രം രൂപകൽപ്പന ചെയ്ത ചെലവു കുറഞ്ഞ ഹൈഡ്രോപോണിക് പുല്ലുത്പാദന യൂണിറ്റ് കണ്ട് മനസ്സിലാക്കുവാനും ഈ യൂണിറ്റിന്റെ മാതൃക എറണാകുളം ജില്ലയിൽ പ്രചരിപ്പിക്കുവാനും വേണ്ടി എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും സാങ്കേതിക വിദഗ്ധർ സന്ദർശനം നടത്തി.




## ലേഖനങ്ങൾ - പ്രസിദ്ധീകരണങ്ങൾ

- ജിസി ജോർജ്. 2019. അവശിഷ്ടവും വരുമാനമാക്കാം. കർഷകശ്രീ. 25 (10):75
- ശിവകുമാർ. ടി., രവി.എസ്സ്., മുരളീധരൻ. പി. 2019. ശ്യാമള ഇന്ന് ചിന്താവിഷ്ടയല്ല. കേരള കർഷകൻ. 61 (3) : 60–61
- ലേഖ.ജി., മുരളീധരൻ.പി. 2019. പയറിലെ മൊസേക്കിനെ ചെറുക്കാൻ ഗീതിക. കർഷകൻ. 27 (10)
- ലേഖ. ജി. 2019. ശീതകാല പച്ചക്കറി വിളകളിലെ രോഗകീട നിയന്ത്രണം. കൃഷിയങ്കണം. 2 (5) : 30–33
- ജിസ്സി ജോർജ്. 2019. എരിവേറും ഉൽപ്പന്നങ്ങൾ. കർഷകശ്രീ. 25 (11) : 76–77.
- ലേഖ.ജി, മുരളീധരൻ.പി. 2019. ഇഞ്ചിയ്ക്കുമാകാം ക്യാപ്സ്യൂൾ ചികിൽസ. കർഷകൻ. 27(12) : 56–57
- ജിസ്സി ജോർജ്. 2019. ഹോംമെയ്ഡ് കേക്കിന് പ്രിയമേറുന്നു. കർഷകശ്രീ. 25 (12) : 80–81
- ശിവകുമാർ. ടി. 2019. വാഴയെ നശിപ്പിക്കുന്ന മരപ്പട്ടിയോ? കർഷകൻ. 27(12) : 44–46.
- ശിവകുമാർ. ടി., സജ്നാനാഥ്. കെ., നിത്യ.കെ.ആർ. 2019. പച്ചപ്പ് നോക്കി നെല്ലിന് വളമിടാം. കർഷകശ്രീ. 25 (12) : 53–54.

## ശില്പശാല

കുട്ടനാട്ടിലെ പോളനിർമ്മാർജ്ജനത്തെക്കുറിച്ച് കേരള കാർഷിക സർവ്വകലാശാല 2019 ഡിസംബർ 12ന് വെള്ളാനിക്കരയിൽ സംഘടിപ്പിച്ച വിദഗ്ധരുടെ ശില്പശാലയിൽ ഡോ.പി.മുരളീധരനും, ഡോ.കെ. സജ്നാനാഥും പങ്കെടുത്ത് ഈ മേഖലയിൽ കെ.വി.കെയുടെ അനുഭവങ്ങൾ അവതരിപ്പിച്ചു.





## തെങ്ങിൻ തോപ്പുകളിലെ ഈർപ്പസംരക്ഷണം



തെങ്ങിൻ തോപ്പുകളിൽ ചാലുകൾ നിർമ്മിച്ച് അതിൽ ജൈവവസ്തുക്കൾ നിരത്തി ഈർപ്പ സംരക്ഷണം സാധ്യമാക്കാം. തെങ്ങിൻ തടത്തിനു പുറത്തായി രണ്ട് തെങ്ങുകൾക്കിടയിൽ രണ്ടടി (60 സെ.മീ) വീതിയിലും ഒരടി (30 സെ.മീ) ആഴത്തിലും സൗകര്യമുള്ള നീളത്തിൽ ചാലുകൾ തയ്യാറാക്കുക. രണ്ടടി അകലത്തിൽ പരമാവധി എണ്ണം ചാലുകൾ എടുക്കാവുന്നതാണ്. ചാലുകളിൽ തൊണ്ടുകൾ മലർത്തി അടുക്കി കാലിവളമോ മറ്റു ജൈവവളങ്ങളോ തൊണ്ടുകൾക്കു മുകളിൽ ചേർത്തശേഷം മണ്ണിട്ടു മൂടുക. ഇത്തരം ചാലുകൾക്കു മുകളിൽ ഇടവിളകൾ കൃഷി ചെയ്യാവുന്നതാണ്. മണൽ പ്രദേശങ്ങളിലാണ് ഇത് കൂടുതൽ ഫലപ്രദമാകുന്നത്. ജലസേചന സമയത്തും മഴക്കാലത്തും ലഭിക്കുന്ന വെള്ളം പെട്ടെന്ന് വാർന്ന് പോകാതെ ശേഖരിച്ച് വെക്കാൻ ഇത്തരം ചാലുകൾ വഴിയൊരുക്കും. ഇങ്ങനെ ശേഖരിക്കപ്പെടുന്ന ഈർപ്പം വേനലിൽ തെങ്ങുകൾക്കും ഇടവിളകൾക്കും ലഭ്യമാകുന്നു. പ്രധാനമായും തീരദേശ മണൽ പ്രദേശങ്ങൾക്കായി സി.പി.സി.ആർ.ഐ ശുപാർശ ചെയ്തിരിക്കുന്ന ഈ സാങ്കേതികവിദ്യ മാരാരിക്കുളം തെക്ക്, മണ്ണഞ്ചേരി എന്നീ പഞ്ചായത്തുകളിൽ വിജയകരമായി പ്രദർശിപ്പിച്ചിട്ടുണ്ട്.

## വേനൽച്ചൂടിൽ നിന്ന് വളർത്തുമൃഗങ്ങൾക്ക് സംരക്ഷണം നൽകാം



വേനൽച്ചൂടിന്റെ കടുത്ത സമ്മർദ്ദത്തിലാണ് നമ്മുടെ വളർത്തുമൃഗങ്ങൾ. വായ് തുറന്ന് നാക്ക് പുറത്തേക്ക് നീട്ടി അണച്ചുകൊണ്ടിരിക്കുക, വായിൽ നിന്നുള്ള അമിത ഉമിനീർ ഒഴുക്ക്, തീറ്റയെടുക്കാനുള്ള മടി, പാലുല്പാദനത്തിൽ കുറവ്, പ്രത്യുത്പാദന തകരാറുകൾ, മദി ലക്ഷണത്തിന്റെ കാലയളവ് കുറയുക, നിശബ്ദ മദി എന്നിവയൊക്കെ കടുത്ത ചൂടിന്റെ ലക്ഷണങ്ങളാണ്.

***പ്രതിവിധി:***

● പശുക്കളെ വെയിലത്ത് കെട്ടരുത്. മേയാൻ വിടുന്നത് രാവിലെ 9.00ന് മുമ്പും വൈകിട്ട് 5.00ന് ശേഷവുമായിരിക്കണം. ● തൊഴുത്ത് വായു നന്നായി കടക്കത്തവിധം സജ്ജീകരിക്കണം. മേൽക്കൂരയുടെ മുകൾ ഭാഗത്ത് ഓല, വൈക്കോൽ എന്നിവ വിതറി ചൂടിന്റെ ആഘാതം കുറയ്ക്കാം. തൊഴുത്തിൽ ഫാൻ ഘടിപ്പിക്കുന്നതും നല്ലതാണ്. ● പശുക്കളെ മൂന്നു നാലു തവണ കുളിപ്പിക്കാം.

● വേനൽക്കാലത്ത് ഒരു പശുവിന് ഒരു ദിവസം 100 ലിറ്റർ ശുദ്ധജലം നൽകണം. 24 മണിക്കൂറും ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്താനായി ആവശ്യാനുസരണ കുടിവെള്ളപ്പാത്രം (Automatic Drinker) ഉപയോഗിക്കണം. കൃഷിവിജ്ഞാനകേന്ദ്രം **NICRA** പദ്ധതിയുടെ ഭാഗമായി മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കിയ ഈ സാങ്കേതിക വിദ്യയിലൂടെ പശുക്കളിൽ ഒരു ലിറ്റർ വരെ പാലുത്പാദനത്തിൽ വർദ്ധനവ് ഉണ്ടാവുകയും വേനൽക്കാലങ്ങളിൽ പാലുത്പാദനം കുറയാതെ നിലനിൽക്കുന്നതായും കണ്ടെത്തി. ● ഉമിനീരിലുള്ള ബൈകാർബണേറ്റിന്റെ നഷ്ടം പരിഹരിക്കാൻ അപ്പക്കാരം 50 ഗ്രാം നൽകാം. കറിയുപ്പ് ഓരോ സ്പൂൺ നൽകുന്നതിനോടൊപ്പം ധാധുല വണ മിശ്രിതം 50–100 ഗ്രാം വരെ തീറ്റയിൽ ദിവസേന നൽകാം. ● വൈക്കോൽ, പുല്ല് എന്നീ പരുഷാഹാരങ്ങൾ രാത്രിയിലും, കാലിത്തീറ്റ പോലെയുള്ള ആഹാരങ്ങൾ പകലും നൽകണം. പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവു മൂലമുള്ള ജീവകം എയുടെ കുറവ് പരിഹരിക്കാനായി ഒരു ഔൺസ് മീനെണ്ണ നൽകാം.

Printed & Published by: **Dr. (Mrs.) Anitha Karun**, Acting Director, ICAR-CPCRI, Kasaragod
Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head. Text, Layout & Compilation: **Dr. S. Ravi** SMS.
Technical Inputs: **Rajeev M.S., Jissy George, Dr. T. Sivakumar, Lekha G & Dr. K. Sajnanath.** Technical Support : **Ansary K.M., Bijila P.V. & Arathy J.**